# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 02.07.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1).പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശപര്യടനത്തിന് ഇന്ന് തുടക്കമായി. ഘാന, ബ്രസീൽ, അർജൻറീന ഉൾപ്പെടെ അഞ്ച് രാജ്യങ്ങൾ പ്രധാനമന്ത്രി സന്ദർശിക്കും.

**Prime Minister Narendra Modi embarks on a five-nation visit ; To reach Ghana on the first leg this afternoon.**

2) 18 നും 45 നുമിടയിൽ പ്രായമുള്ളവരിൽ കോവിഡിന് ശേഷമുണ്ടാകുന്ന പെട്ടെന്നുള്ള മരണത്തിന്, കോവിഡ് വാക്സിനുമായി ബന്ധമില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം

**Union Minister of Health and Family Welfare said that extensive studies by ICMR and AIIMS have conclusively established no linkage between COVID-19 vaccines and sudden deaths among adults post-COVID-19**

3)പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും കാലതാമസമില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ക്വാഡ് കൂട്ടായ്മ

**The Quad members have called for bringing the perpetrators, organisers and financiers of the Pahalgam terror attack to justice without any delay and urged UN member nations to extend cooperation for it.**

4) രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ക്യാമ്പസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും.

**Kerala CM Pinarayi Vijayan will inaugurate the second residential IT campus of the international IT company Zoho Corporation in India, at Kottarakara today**

**5) തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു.**

**The health condition of former Kerala CM V.S Achuthanandan remains extremely critical.**

**6) ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ബർമിംഗ്ഹാമിൽ ഇന്ന് തുടക്കം.**

**The second match of India Englans Test Cricket series begins today at Birmingham.**

******************************

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശപര്യടനത്തിന് ഇന്ന് തുടക്കമായി. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ അഞ്ച് രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ഘാനയിൽ ഇന്നെത്തുന്ന ശ്രീ മോദി ഘാന പ്രസിഡന്റ് ജോൺ ഡ്രമാനി മഹാമയുമായി കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം. ആഫ്രിക്കന് യൂണിയനിലും, പശ്ചിമാഫ്രിക്കൻ രാജ്യങ്ങളുടെ കൂട്ടായ്മയിലും പ്രമുഖ സ്ഥാനം വഹിക്കുന്ന ഘാനയെ സുപ്രധാന പങ്കാളിയായാണ് ഇന്ത്യ കാണുന്നതെന്ന് സന്ദർശനത്തിന് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഘാന പാർലമെൻറിനെയും അദ്ദേഹം അഭിസംബോധന ചെയ്യും. തുടർന്ന് നാളെ ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തുന്ന ശ്രീ മോദി പ്രസിഡൻറ്, പ്രധാനമന്ത്രി തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തും. പിന്നീട് അർജൻറീനയിലെത്തുന്ന അദ്ദേഹം അർജൻറീനിയൻ പ്രസിഡൻറ് ജാവിയർ മിലെയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ അർജൻറീന സന്ദർശനമാണിത്. ബ്രസീലിലെ റിയോ ഡി ജനറോയിൽ ഈ മാസം 6-7 തീയതികളിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും. രാജ്യങ്ങൾക്കിടയിലെ സജീവ സഹകരണത്തിനുള്ള വേദിയായാണ് ബ്രിക്സ് കൂട്ടായ്മയെ ഇന്ത്യ നോക്കിക്കാണുന്നതെന്ന്

പ്രധാനമന്ത്രി പറഞ്ഞു. ബ്രിക്സ് രാഷ്ട്ര മേധാവികളുമായും ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ശ്രീ മോദി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിൻറെ അവസാന പാദത്തിൽ നമീബിയയിലെത്തുന്ന പ്രധാനമന്ത്രി നമീബിയൻ പ്രസിഡൻറുമായി ഇരുരാജ്യങ്ങൾക്കുമിടയിലെ സഹകരണ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യും. കോളനി വാഴ്ചയ്ക്കെതിരെ പോരാടിയ സമാന ചരിത്രം കാത്തുസൂക്ഷിക്കുന്ന രാജ്യങ്ങളാണ് ഇന്ത്യയും നമീബിയയുമെന്ന് ശ്രീ മോദി പറഞ്ഞു. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്താൻ വിദേശ സന്ദർശനം വഴിയൊരുക്കുമെന്നും അദ്ദേഹം പ്രത്യാശ പങ്കുവച്ചു.

*****************************

## ICMR, AIIMS – COVID VACCINE STUDY

18 നും 45 നുമിടയിൽ പ്രായമുള്ളവരിൽ കോവിഡിന് ശേഷമുണ്ടാകുന്ന പെട്ടെന്നുള്ള മരണത്തിന്, കോവിഡ് വാക്സിനുമായി ബന്ധമില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം. ICMR ഉം NCDC യും എയിംസും നടത്തിയ പഠനങ്ങളിൽ നിന്നാണ് ഇക്കാര്യം വ്യക്തമായതെന്നും മന്ത്രാലയം അറിയിച്ചു. ഇന്ത്യയിലെ കോവിഡ്-19 വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമാണെന്നും പഠന റിപ്പോർട്ടിൽ പറയുന്നു. 2021 ഒക്ടോബറിനും 2023 മാർച്ചിനും ഇടയിൽ പെട്ടെന്ന് മരിച്ച വ്യക്തികളെ കേന്ദ്രീകരിച്ചും, യുവാക്കളിൽ പെട്ടെന്നുള്ള മരണത്തിന്റെ പൊതുവായ കാരണങ്ങളും കേന്ദ്രീകരിച്ചായിരുന്നു പഠനം. വാക്സിന് ഗുരുതര പാർശ്വഫലങ്ങൾ വളരെ അപൂർവമാണെന്നും, ജനിതകഘടന, ജീവിതശൈലി, കോവിഡിനു ശേഷമുള്ള സങ്കീർണതകൾ എന്നിവയുൾപ്പെടെ നിരവധി ഘടകങ്ങൾ പെട്ടെന്നുള്ള ഹൃദയാഘാതത്തിന് കാരണമാകാമെന്നും പഠനത്തിൽ പറയുന്നു. ഇത്തരം മരണങ്ങളെ കോവിഡ് വാക്സിനുമായി ബന്ധപ്പെടുത്തുന്നത് തെറ്റിദ്ധാരണാജനകമാണെന്നും, ഇത്തരം വാദങ്ങൾക്ക് ശാസ്ത്രീയ അടിത്തറയില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

*****************************

## QUAD- JOINT STATEMENT

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും കാലതാമസമില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ക്വാഡ് കൂട്ടായ്മ. ഇതിനായി ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ രാജ്യങ്ങളുടെ സഹകരണം, വാഷിംഗ്ടൺ ഡിസിയിൽ നടന്ന ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗം സംയുക്ത പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു. അതിർത്തികടന്നുള്ള ഭീകരവാദമടക്കം എല്ലാത്തരം ഭീകരതയെയും ക്വാഡ് രാജ്യങ്ങൾ ഏകസ്വരത്തിൽ അപലപിച്ചു. ഇന്തോ- പെസഫിക് മേഖലയിലെ ക്രിട്ടിക്കൽ മിനറൽ വിതരണം സംബന്ധിച്ച സംരംഭത്തിനും യോഗം തുടക്കം കുറിച്ചു. ക്വാഡ് ഇന്തോ-പെസഫിക് ലോജിസ്റ്റിക് ശൃംഖല തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചകളും ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ നടന്നു.

******************************

## JAISHANKAR-QUAD(intro )

വികസനത്തിലും സുരക്ഷയിലും ശരിയായ തീരുമാനങ്ങൾ എടുക്കാൻ ഇന്തോ-പസഫിക് രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ. സ്വതന്ത്രവും തുറന്ന സമീപനത്തോടെയുള്ള ഇന്തോ-പസഫിക് ബന്ധം ഉറപ്പാക്കാൻ ക്വാഡ് രാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് - വോയിസ് )

******************************

## CHIEF MINISTER - IT COMPANY

രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസ് കൊട്ടാരക്കര നെടുവത്തൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം

ചെയ്യും. റോബോട്ടിക്സ്, എ ഐ, പ്രോഡക്റ്റ് ഡെവലപ്മന്റ് മേഖലകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ക്യാമ്പസിൽ ആദ്യഘട്ടത്തിൽ 250 പേർക്ക് ജോലി ലഭ്യമാകും.

*****************************

## V.S – HEALTH STATUS

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരാവസ്ഥയിൽ തുടരുന്നു. ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു. മെഡിക്കൽ ബോർഡ് ഇന്ന് രാവിലെ യോഗം ചേർന്ന് വിഎസിൻറെ ആരോഗ്യനില വിലയിരുത്തി. ഏഴംഗ വിദഗ്ദ്ധ സംഘത്തിൻറെ നിർദ്ദേശപ്രകാരമാണ് ചികിത്സ.

*****************************

## BREAK

(ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......)

(ബ്രേക്ക്)

*****************************

## UNION CABINET

രാജ്യത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി, ഒരു ലക്ഷം കോടി രൂപയുടെ തൊഴിൽ-ബന്ധിത പ്രോത്സാഹന പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് 3.5 കോടിയിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ

മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ദേശീയ കായിക നയത്തിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

*****************************

## HP-RAIN

ഹിമാചൽ പ്രദേശിൽ കനത്ത മഴ തുടരുന്നു. മണ്ണിടിച്ചിലിലും മേഘവിസ്ഫോടനത്തിലും സംസ്ഥാനത്ത് വൻ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. 51 മരണം ഇതിനകം റിപ്പോർട്ട് ചെയ്തു. 21 പേരെ കാണാനില്ല.രക്ഷാ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുക യാണ്. മണ്ണിടിച്ചിലിനെ തുടർന്ന് ഹിമാചലിലെ 400-ലേറെ റോഡുകളിൽ ഗതാഗതം പൂർണമായും തടസപ്പെട്ട നിലയിലാണ്.

*****************************

## AMARNATH

അമർനാഥ് തീർത്ഥാടകരുടെ ആദ്യ സംഘം ജമ്മുവിലെ ഭഗവതി നഗർ ബേസ് ക്യാമ്പിൽ നിന്ന് ഇന്ന് പുലർച്ചെ യാത്ര തിരിച്ചു. ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ യാത്രയുടെ ഫ്ളാഗ്ഓഫ് നിർവഹിച്ചു. 5,892 തീർത്ഥാടകരാണ് ഇന്ന് യാത്ര ആരംഭിച്ചത്. ഇതിൽ 2,489 പേർ ബാൽതാൽ വഴിയും 3,403 പേർ അനന്ത്നാഗ് വഴിയും അമർനാഥിലെത്തും. 38 ദിവസത്തെ യാത്രയ്ക്ക് നാളെയാണ് ഔദ്യോഗികമായി തുടക്കമാവുന്നത്. അടുത്ത മാസം 9 ന് തീർത്ഥാടനം സമാപിക്കും.

*****************************

## GOTHRA BHERI

ഗോത്രഭേരി ഏകദിന ശില്പശാലയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......

(വോയ്സ്)

****************************

## CRICKET

ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ആരംഭിക്കും. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30-നാണ് മത്സരം. 5 മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനായിരുന്നു ജയം. മൂന്നാം മത്സരം ഈ മാസം 10 നാണ്.

****************************

## US WEAPONS TO UKRAINE

യു.എസ് ആയുധശേഖരം കുറയുന്നതിനെക്കുറിച്ചുള്ള ആശങ്കകളെത്തുടർന്ന് യുക്രെനിലേക്കുള്ള ചില ആയുധങ്ങളുടെ കയറ്റുമതി താൽക്കാലികമായി നിർത്താൻ തീരുമാനിച്ച് അമേരിക്ക. റഷ്യൻ ആക്രമണങ്ങൾ തീവ്രമാകുന്ന സാഹചര്യത്തിൽ, തീരുമാനം യുക്രെന് തിരിച്ചടിയാവും. അമേരിക്കയുടെ താൽപര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകാനാണ് തീരുമാനമെടുത്തതെന്ന് വൈറ്റ് ഹൗസ് വക്താവ് അന്ന കെല്ലി അറിയിച്ചു. 2022 ഫെബ്രുവരിയിലെ റഷ്യൻ ആക്രമണത്തിന് ശേഷം, 66 ബില്യൺ ഡോളറിൻറെ ആയുധങ്ങളും സൈനിക സഹായവും യു.എസ് യുക്രെന് നൽകിയിട്ടുണ്ട്.

****************************

## ISRAEL YEMEN CONFLICT

മധ്യ ഇസ്രയേലിലെ ബെൻ ഗുരിയോൺ വിമാനത്താവളം ലക്ഷ്യമിട്ട് ഇന്നലെയുണ്ടായ മിസൈൽ ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്ത് യെമനിലെ ഹൂതി വിമതർ. ഹൈപ്പർസോണിക് ബാലിസ്റ്റിക് മിസൈൽ ഉപയോഗിച്ചാണ് ആക്രമണം നടത്തിയതെന്ന്

ഹൂതി സൈനിക വക്താവ് യഹ്യ സരിയ പറഞ്ഞു. ഗാസയിലെ സൈനിക നടപടികൾ ഇസ്രയേൽ അവസാനിപ്പിക്കുന്നതുവരെ പലസ്തീൻ ജനതയെ പിന്തുണച്ച് സൈനിക പ്രവർത്തനങ്ങൾ തുടരുമെന്നും സരിയ വ്യക്തമാക്കി. ആക്രമണം സ്ഥിരീകരിച്ച ഇസ്രയേൽ, മിസൈലിനെ കൃത്യമായി പ്രതിരോധിക്കാൻ സാധിച്ചതായും, ആർക്കും പരിക്കേറ്റിട്ടില്ലെന്നും വ്യക്തമാക്കി. ഹൂതി ആക്രമണത്തിന് തിരിച്ചടി നൽകുമെന്നും ഇസ്രായേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് പറഞ്ഞു

*****************************************************************

*******************************